## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം;200 — 05.03.2012ൽ മറുപടിക്ക്

### ദുരിതാശ്വാസനിധിയിൽ നിന്ന് കുമാരി അനഘയ്ക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) 30.11.2011ന് കണ്ണൂരിൽ മായൂർ-ശിവപുരം റോഡിൽ പാലുകാച്ചിപ്പാറ എന്ന സ്ഥലത്ത് സ്വകാര്യബസ്സ് അപകടത്തിൽപ്പെട്ട് ഗുരുതരാവസ്ഥയിൽ ചികിത്സയിൽ കഴിയുന്ന കുമാരി അനഘ എന്ന കുട്ടിയുടെ ചികിത്സാ ചെലവുകൾ നിർധന കുടുംബത്തിനു താങ്ങുവാൻ കഴിയുന്നതല്ലെന്നും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കുട്ടിയുടെ ചികിത്സയ്ക്കാവശ്യമായ തുക ലഭ്യമാക്കണമെന്നുമാവശ്യപ്പെട്ട് ഗവൺമെന്റിന് നിവേദനം ലഭിക്കുകയുണ്ടായോ; | എ) നിവേദനം ലഭിച്ചിരുന്നു. |
| (ബി) പ്രസ്തുത നിവേദനപ്രകാരം കുമാരി അനഘയുടെ ചികിത്സയ്ക്ക് എത്ര തുക അനുവദിച്ചുവെന്നു വ്യക്തമാക്കുമോ;<br><br>(സി) കുമാരി അനഘയ്ക്കു തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) & (സി)<br>പ്രസ്തുത അപകടത്തിൽ പരിക്കേറ്റ എല്ലാകുട്ടികൾക്കും ആയിരം രൂപാ വീതം അനുവദിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം അനഘയ്ക്കും ആയിരം രൂപ ജില്ലാകളക്ടർ അനുവദിച്ചിരുന്നു. ഗുരുതരമായി പരിക്കുപറ്റിയ അനഘ എന്ന വിദ്യാർത്ഥിനിക്ക് പതിനായിരം രൂപ കൂടി സ.ഉ. (സാധാ)നം.1276/2012 /റവ തീയതി 05.03.2012 പ്രകാരം |

അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

**കേരളസർക്കാർ**

**സംഗ്രഹം**

റവന്യു വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല - ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ(ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ.(ആർ.ടി)നമ്പർ: 1276/2012/റവ.** **തിരുവനന്തപുരം, തീയതി: 05.03.2012**

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും മാലൂർ ശിവപുരം റോഡിൽ വെച്ച് സ്വകാര്യബസ്സപകടത്തിൽപ്പെട്ട് ചികിത്സയിൽ കഴിയുന്ന അനഘയ്ക്ക് ആയിരം രൂപയ്ക്കു പുറമേ പതിനായിരം രൂപ കൂടി ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **10,000/-രൂപ (പതിനായിരം രൂപ മാത്രം)** **2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജി യായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള **T.P. 80** അക്കൗണ്ടിൽ നിന്നും തുക കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കുന്ന മുറയ്ക്ക് അപേക്ഷകന് രണ്ടാഴ്ചയ്ക്കുള്ളിൽ വിതരണം ചെയ്യേണ്ടതാണ്. അപേക്ഷകർക്ക് ഇതിനു മുമ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന് തുക നൽകുന്നതിന് മുൻപ് ജില്ലാ കളക്ടർ പരിശോധിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**

**വി.ആർ രാജൻ,**
**അണ്ടർ സെക്രട്ടറി.**

ജില്ലാ കളക്ടർ, കണ്ണൂർ
ധനകാര്യ വകുപ്പ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

*ഉത്തരവിൻപ്രകാരം,*

*സെക്ഷൻ ഓഫീസർ.*